# STATE INSTITUTE OF EDUCATIONAL MANAGEMENT AND TRAINING-KERALA
# (SIEMAT-KERALA)

M.G. Road, East Fort, Thiruvananthapuram-695036, Kerala
Phone No: 0471-2460343, 2461169
Website : www.siemat.kerala.gov.in    E-mail : director.siemat@kerala.gov.in

സീമാറ്റ്/എഡി.എ2/189/2018

തീയതി 10/01/2022

## ക്വട്ടേഷൻ നോട്ടീസ്

സീമാറ്റ്-കേരളയുടെ ഔദ്യോഗിക ആവശ്യത്തിനായി ഒരു വർഷത്തേയ്ക്ക് കരാർ വ്യവസ്ഥയിൽ വാഹനം (കാർ) വാടകയ്ക്ക് എടുക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനായി പ്രാപ്തരായ ഏജൻസികളിൽനിന്നും കക്ഷികളിൽ നിന്നും വിശദവിവരങ്ങൾ രേഖപ്പെടുത്തിയ മുദ്ര വച്ച ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. വിശദാംശങ്ങളും ക്വട്ടേഷൻ സമർപ്പിക്കേണ്ട വിധവും താഴെ കൊടുക്കുന്നു.

### വിശദാംശങ്ങൾ

- വാടകയ്ക്ക് നൽകേണ്ട ബ്രാൻഡ്/മോഡൽ : Maruti Ciaz/Honda City/Tata Nexon/ Hyundai Verna/Ford Ecco Sports/സമാന കാറ്റഗറിയിൽപ്പെട്ട മറ്റ് വാഹനനം (ഡ്രൈവർ ഉൾപ്പെടെ).
- CGST, SGST എന്നിവ ഉൾപ്പെടയുള്ള എല്ലാ നികുതികളും അടക്കമുള്ള പ്രതിമാസ വാടക എത്ര ആയിരിക്കുമെന്നതാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്.
- പ്രതിമാസം 1500 കി.മീറ്റർ വരെ ഓടുന്നതിനുള്ള നിരക്കാണ് ക്വോട്ട് ചെയ്യേണ്ടത്.
- പ്രതിദിന ഓട്ടം 12 മണിക്കൂറിൽ അധികമാവുകയാണെങ്കിൽ ഡ്രൈവർക്കു നൽകേണ്ട ബാറ്റ, പ്രതിമാസ ഓട്ടം 1500 കി.മീ. അധികരിക്കുകയാണെങ്കിൽ അഡീഷണൽ കി.മീ. നൽകേണ്ട വാടക നിരക്ക് എന്നിവയും ക്വട്ടേഷനിൽ വ്യക്തമായി കാണിച്ചിരിക്കണം.
- വാഹനത്തിൽ ഇന്ധനം നിറയ്ക്കൽ, സർവ്വീസിംഗ്, റോഡ് നികുതി, പൊല്യൂഷൻ അണ്ടർ കൺട്രോൾ സർട്ടിഫിക്കറ്റ്, ഇൻഷ്വറൻസ് എന്നിവ വാഹനം വാടകയ്ക്ക് നൽകുന്ന ഏജൻസിയുടെ ഉത്തരവാദിത്തമായിരിക്കും.

## <u>ക്വട്ടേഷൻ സമർപ്പിക്കേണ്ട വിധം</u>

- ക്വട്ടേഷൻ സമർപ്പിക്കുന്ന എൻവലപ്പിന് മുകളിൽ ***വാഹനം വാടകയ്ക്ക് നൽകുന്നതിനുള്ള ക്വട്ടേഷൻ*** എന്ന് രേഖപ്പെടുത്തിയിരിക്കണം.
- ക്വട്ടേഷനുകൾ സ്വീകരിക്കുന്ന അവസാന തീയതി **28/01/2022** വൈകുന്നേരം **3** മണിവരെ ആയിരിക്കും.
- വൈകി ലഭിക്കുന്ന ക്വട്ടേഷനുകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.
- യഥാസമയം ലഭിക്കുന്ന ക്വട്ടേഷനുകൾ അന്നേദിവസം **(28/01/2022)** വൈകിട്ട് **4** മണിക്ക് തദവസരത്തിൽ ഹാജരുള്ള ക്വട്ടേഷനർമാരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതായിരിക്കും.

. യാതൊരു കാരണവും കാണിക്കാതെ ക്വട്ടേഷനുകൾ നിരസിക്കുന്നതിനും, ക്വട്ടേഷനുകൾ പരിശോധിക്കുന്ന തീയതിയും സമയവും മാറ്റിവയ്ക്കുന്നതിനും ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. ക്വട്ടേഷനുകൾ സമർപ്പിക്കേണ്ട വിലാസം ഡയറക്ടർ, സീമാറ്റ്-കേരള, ഗവ. സെൻട്രൽ ഹൈസ്ക്കൂൾ കോമ്പൗണ്ട്, തിരുവനന്തപുരം 695036.

ഡയറക്ടർ

നോട്ടീസ് ബോർഡ്
സീമാറ്റ് - കേരള വെബ്സൈറ്റ്